അഹം ബ്രഹ്മേതി നിശ്ചിത്യ
അഹം ഭാവം പരിത്യജ

# ശ്രീധരൻെറ
# അനുഭവവിജ്ഞാനീയം

പ്രസാധകർ:
ശ്രീധരദേശം ട്രസ്റ്റ്
ഗോവിന്ദമുട്ടം പി.ഒ., പുതുപ്പള്ളി
കായംകുളം.

ॐ

# ശ്രീധരന്റെ
# അനുഭവ വിജ്ഞാനീയം

പ്രസാധകർ:

**ശ്രീധരദേശം ട്രസ്റ്റ്**

ഗോവിന്ദമുട്ടം P. O., പുതുപ്പള്ളി,

കായംകുളം.

Malayalam
SREEDHARANTE
ANUBHAVAVIJNANEEYAM

Author:
SADHU SREEDHARAN

Published at:
SREEDHARA DESAM TRUST
Govindamuttam P. O.,
Puthuppally, Kayamkulam.

Printed at:
A. B. Press,
Chengannur

Copies 500

Copyright Reserved
14-1-98

Phone: 443465 Kayamkulam

# ശ്രീധരദേശം ട്രസ്റ്റ് പ്രസിദ്ധീകരണങ്ങൾ

## ഗ്രന്ഥകാരൻെറ ഇതര കൃതികൾ

ശ്രീധരബോധ മനനം
ശ്രീധര പരിദേവനം
മഹാവാക്യപ്പൊരുൾ
വേദാന്തസരണി
ബാലശ്രീധരം
ശ്രീധര ശ്രീധരം
അദ്വൈത ശ്രീധരം
വേദാന്ത ബോധസുധ
വേദവേദാന്ത സമന്വയം
ആത്മസുധ
വേദാന്ത വിഹായസ്
ശ്രീധരവചനാമൃതം—ഭാഗം 1
ശ്രീധരവചനാമൃതം—ഭാഗം 2
ഉപനിഷത് ശ്രീധര പ്രകാരം
ശ്രീധര ബോധ കിരണം
ശ്രീധരൻെറ ബോധാവലോകനം
ശ്രീധരൻെറ വേദാന്തദർശനം
പ്രബോധശ്രീധരം
ശ്രീധരൻെറ ബോധസുധാകരം
ബോധാകാശ വിഹംഗ
ശ്രീധരൻെറ ദർശനത്തിലെ സമാധി വിശദീകരണങ്ങൾ
ശ്രീധര ബോധാമൃതം
വേദവേദാന്തേ ശ്രീധരഗരുഡഗമനം
ശ്രീധരൻെറ വേദാന്താവലോകനം
ശ്രീധരാനന്ദ മകരന്ദം

## മററു പ്രസിദ്ധീകരണങ്ങൾ

വിചാര സാഗരം, ഉത്തരഗീത, അവധൂതഗീത,
ശ്രീഗോപാലഗീത, വേദാന്ത സാരം,
രാമഗോപാലം. ശ്രീധരം.



# ശ്രീധരന്റെ
# അനുഭവ വിജ്ഞാനീയം

അജ്ഞനായ എന്നിൽ നിന്നും ആർക്കും ഒന്നും പഠിക്കുവാൻ കാണുകയില്ല. ഒന്നുമറിയാത്തവനും പഠിക്കുവാൻ കൊതിയില്ലെങ്കിലും പഠിപ്പിക്കുവാൻ കൊതി ഏറെ ആണു്. അപ്രകാരമുള്ള ഒരു വ്യക്തി ആയാണു് ഞാൻ എന്നെ അറിയുന്നതു്.

## ഓം ശ്രീ ഗുരവേ നമഃ

ദാക്ഷിണ്യമില്ലാതെഴുതി
വിട്ടീടിലേ ദാക്ഷിണ്യം
നമ്മോടുകാട്ടു ഭഗവാനും
ശക്തിയായു് ക്ഷീണം കളഞ്ഞു്

നൽ ശീതളതിങ്കൾ കിടാവത്തു
പോൽ കാട്ടിക്കൊടുക്കുക
ബോധ കുരുന്നതേ ആയത്തു
പററി എന്നായാൽ നിൻ ജീവിതം
ധന്യമതാണേ നേരാണു്
ജീവിതം ധന്യമതാണേ.
മാലോകർ പാട്ടുകൾ പാടി
ശീതകിരണം പരത്തി
ആദിത്യ പുലരിയിലാണ്ടു്
വെയിലതുകാച്ചുന്നപോലെ
ആ ഗാന മാധുര്യമേററു് ആടി
ലസിക്കും കിടാവേ നിൻ ഉൾ
പൂ വിലസട്ടേ നിത്യം നിൻ
മകരന്ദമൂറട്ടെ നിത്യം, പൂമ്പ്രാണി
പററിപറക്കട്ടെവിടെങ്ങും
മോഹനമാക്കട്ടെ ലോകം.
ഉദിച്ചില്ല ശ്രീധരൻ
പ്രഭയില്ല പ്രകാശമില്ല.
ആനന്ദമറിയാത്തോൻ
അവനെ കാണും നേരം
അകലുന്നു ലോകമാകെ
ശബ്ദമില്ലാകാശമില്ലാ
സ്വപ്രഭാപൂരമുണ്ടോ
ഉദിച്ചില്ല ശ്രീധരൻ

### ഓം

# ശ്രീധരന്റെ
# അനുഭവ വിജ്ഞാനീയം

ആഹരിക്കുന്ന ഘന പദാർത്ഥം ഉള്ളിൽ ചെന്നാൽ അതു ദഹിച്ച് അണുവായി മനസ്സായി, അതായതു് മനോ അണുവായി തീൎന്നു്, മനസ്സായി തീൎന്നു് നില കൊള്ളും.

പാനം ചെയ്യും ജലം വിഘടീഭവിച്ച് അണുവായി പ്രാണനായി തീരുന്നു. പ്രാണനു ക്ഷീണം കണ്ടാൽ ക്ഷീരം ജലം മുതലായ ജലാഹാരം കഴിക്കണം. മനസ്സിനു ക്ഷീണം കണ്ടാൽ ഘന ഭക്ഷണം കഴിക്കണം.

ബുദ്ധിവ്യവഹാരത്തിലിടപെട്ടിരിക്കുന്ന വിദ്യാൎത്ഥികൾ വേണ്ടുവോളം ഘനാഹാരം, വേണ്ടുവോളം മടി കൂടാതെ കഴിക്കണം. തൃപ്തി ഉന്മേഷത്തെ ചെയ്യും. ദാഹത്താൽ ക്ഷീണിച്ചാൽ ജലാഹാരം കഴിക്കണം. ജലമെങ്കിലും കഴിക്കണം.

ആഹാരങ്ങളിൽ ശ്രേഷ്ഠമന്നമാണു്. അതിന്റെ മൂന്നിൽ രണ്ടു ഗുണമേ മറ്റേതു ആഹാര പദാൎത്ഥങ്ങൾക്കുമുള്ളു.

ലോകം നാമറിഞ്ഞ വിധം മാത്രമല്ല. മനന ധ്യാനാദികൾ വളരെ പ്രയോജന പ്രദങ്ങളാണു്. ഇവകൾ നാമറിയുന്നതിനേയും, അറിഞ്ഞതിനേയും അറിയേണ്ടതിനേയും കാട്ടുന്നവകളാണു്.

അറിഞ്ഞതിന്റെ വിവരണം ലഭ്യമാണല്ലോ.

അറിയേണ്ടും കാര്യങ്ങൾ അതി പ്രധാനവും, അറിവൊത്തുപെടുത്തേണ്ടവയും വിജ്ഞാനാന്വേഷണമവശ്യം വേണ്ടതും ശാസ്ത്രാന്വേഷണപരവുമാണ്.

ലോകതത്വാന്വേഷണമെടുക്കാം. ഇവ, ഇക്കാണുന്നവകളും ഇന്ദ്രിയവിധേന അറിയപ്പെടും വസ്തുതത്വങ്ങളും മാത്രമാണോ. എന്തെങ്കിലും എവിടെങ്കിലും പൂർണ്ണമായറിയപ്പെട്ടോ. ലോകമെതുപോലെയെങ്കിലും അറിയപ്പെടാൻ കഴിഞ്ഞുവോ. വിസ്തൃതി വിശാലതയിലോ, കാലവിശാലതയിലോ കടന്നെത്താൻ ആർക്കെങ്കിലും കഴിഞ്ഞുവോ.

ഇതൊരത്ഭുതാലത്ഭുത പ്രതിഭാസമല്ലേ. ഇങ്ങനെ എത്തുപെടാവസ്തുവന്വേഷിച്ച ജീവിതം തുലയ്ക്കണോ. ഇതൊരു പ്രധാന ചിന്താവിഷയമാണ്.

എന്താണ് ജീവിതം, എന്താണ് ജീവൻ, ഇവകൾ തമ്മിൽ എന്താണു ചേർച്ച്, ആരാണ് ചേർത്തത്. ചേർത്ത ആൾക്ക് എന്താണു കാര്യം, എന്താണുബന്ധം. ഇതെല്ലാമെങ്ങനെ അറിയാനാണ്. അറിവെല്ലാമറിയേണ്ടവയാണ്. അറിവേ അറിയേണ്ടതുള്ളൂ. അതിലേയ്ക്ക് സാവധാനം കടക്കാം. കണ്ണാടി കട്ടി സാധനമാണ്, ഘന പദാർത്ഥത്തിൽ പെട്ടതാണ്. പക്ഷേ അത് പ്രകാശത്തേ അതിനുള്ളേ സ്വൈരം കടത്തി വെളിക്കേക്കു വിടുന്നു. ഇരുമ്പ് അതി കഠിനപദാർത്ഥത്തിൽ പെട്ടതാണ്. അതഗ്നിയേയും ചൂടിനേയും യഥാവത് കടത്തിവിടുന്നു. ഇവയെല്ലാമിന്നേകാലത്ത് വിദ്യാർത്ഥികളുടെ പഠനവിഷയവുമാണല്ലോ.

സൂക്ഷ്മ പദാർത്ഥങ്ങൾക്കും അടുക്കുകളുണ്ട്. പ്രകാശമെടുക്കാം അതുനേരയേ പോകു. ശബ്ദമെടുത്താൽ അത്

തരംഗപ്രവാഹിയാണ്. ഏതോ ഒരു വിധിയ്ക്ക് ഇവകാം അനുസരിക്കുന്നതായി കണ്ടെത്താൻ കഴിയും. ഇവയി ലൊക്കെ അതിശയകരമായ ചില കണ്ടെത്തലുകൾ അനുഭവവേദ്യമാകും.

സ്വന്തമായുള്ളൊരാത്മപ്രഭാവത്തേ
സ്വാന്തമെന്നറിയാത്തതെന്തുനീ
ഹന്തലോകോല്പത്തിക്കു മുമ്പു നീ
എന്തതിശയമുണ്ടായിരുന്നല്ലോ.
പണ്ടു ലോകോല്പന്ന നിമിഷത്തിൽ
കെട്ടണഞ്ഞതും നീയോർപ്പതില്ലയോ,
ബോധസൂര്യനുദയം നടത്തുമ്പോൾ
ലോകമുള്ളിരുൾ പോകാതെപറവുമോ
ചെങ്കതിർ രശ്മിവീശി പടരുമ്പോൾ
ആദി ദേവനുദയം നടത്തീടും.
ആദി ശബ്ദമാമോങ്കാര ആരവം
ലോകവും കൊണ്ടു ചാടിവരുന്നേരം
ആദി പൂരുഷൻ ആത്മ പ്രഭാകരൻ
ബോധസൂര്യകിരണനഹങ്കാരൻ
ചൊല്പടിക്കു നിറുത്തുവതിന്നായി
അനന്തവിസ്തൃതി അഗാധ വിപുലത
അണ്ഡതൻ വിശാലത മനുഷ്യനെ
ന്നറിവാനാമംഗല പുരോഗതി

വിശ്വവും മനുഷ്യനും വിശ്വം മുഴുവൻ തന്നെയും മനുഷ്യ നിലുണ്ടെന്നു തെളിവേകും വരികൾ ശാസ്ത്രാന്വേഷി കൾക്കു നമ്മുടെ പുരാണേതിഹാസഗ്രന്ഥങ്ങളിൽ നിന്നു വേദവേദാന്തങ്ങളിൽ നിന്നും കണ്ടെത്താൻ കഴിയും.

ബ്രഹ്മാണ്ഡവും പിണ്ഡാണ്ഡവും ഒരുപോലെ യെന്നും ബ്രഹ്മാണ്ഡത്തിലുള്ളതെല്ലാം സൂക്ഷ്മ ഭാവത്തിൽ

പിണ്ഡാണ്ഡത്തിലുണ്ടെന്നും ശാസ്ത്രസമ്മതം കണ്ടെത്താൻ കഴിയും.

ഈ വിശ്വവും മനുഷ്യനും ദേഹവും മററുമായുള്ള ബന്ധം ശാസ്ത്രം വ്യക്തം കണ്ടെത്തേണ്ടതാണ്. ആ ഭാഗത്തെ അവരുടെ അറിവിനെ നാം ശരിക്ക മുതലെടുക്കന്നതായി പലരും സംശയാലുക്കളാണ്. ഇവിടമെല്ലാം കാട്ടിളക്കിത്തന്നെ കണ്ടെത്തണം. ലോകദേഹപരിഗണനകൾ അത്യന്തം മനോഹരവും വിജ്ഞാനഭണ്ഡാഗാരവും അറിഞ്ഞിരിക്കേണ്ടതുമാണ്. ഇവിടെ കടന്നാൽ അതിമോഹന സ്വപ്നത്തിൽ ആനന്ദം കണ്ടെത്തും പോലെ അനവധിയനവധി വിശേഷ വിജ്ഞാന നിലവറകൾ നമുക്ക കണ്ടെത്താൻ കഴിയും. ഇതും നമുക്ക് യഥാശക്തി യഥാവിധി കടന്ന കണ്ടെത്തി ആനന്ദിക്കാൻ ശ്രമിക്കാം.

മനുഷ്യൻെറ പിണ്ഡാണ്ഡത്തിലെ അസ്ഥിമാംസാദികൾ തള്ളികളയുകയെന്ന് ചിലയിടം പറയുമെങ്കിലും അവിടമെല്ലാം വീണ്ടുവിചാരേണ കടന്ന നോക്കുക.

നവീന ശാസ്ത്രം പോലും കണ്ടെത്തിയ ഒരു ചിത്രശലഭച്ചിറകിലെ പൊടി ഓരോന്നും ഒരു ബ്രഹ്മാണ്ഡവാഹിയെന്ന് ബോധ്യപ്പെടാൻ കഴിഞ്ഞ നമുക്ക് ആ അറിവോടെ ചിലതെല്ലാം പഠിക്കാം.

മനുഷ്യൻെറ ശിരസ്സതിപ്രധാനമാണല്ലോ, അതുപോലെ പ്രധാനമല്ലെങ്കിലും ഉടമ്പാകമാനം പ്രധാനം തന്നെയാണ്, ശിരസ്സ് ആത്മദേശം, സ്വദേശം, സ്വർഗ്ഗോപരി നിലകൊള്ളും നിലനില്ക്കും ദേശം എന്നൊക്കെ അറിയണം, അതുപോലെ ദേഹമെല്ലാം ബ്രഹ്മാണ്ഡത്തിൻെറ വിശദഭാഗങ്ങൾ തന്നെയാണ്. ഓരോ ദേശവ്യാപാരവും മനസ്സിരുത്തി അറിഞ്ഞ് അതു് ഇന്നയിടം

ഇന്നതുപോലെ അറിഞ്ഞ് പുലർത്തിയാൽ ആ അറിവ് നമുക്ക് അനന്ത വിജ്ഞാനപ്രദായിനി ആയി ഭവിക്കും. ശിരസ്സ് സ്വദേശം സ്വഭാവം എന്ന് വ്യക്തം മനസ്സിലാക്കി അന്വേഷണം തുടൎന്നാൽ ഈ ലോകവിജ്ഞാനം നമുക്കത്ഭുതകരമായി തെളിഞ്ഞു വിളങ്ങും. അതിനെ ദേവവിജ്ഞാനീയമെന്നു പറഞ്ഞാലും അബദ്ധമില്ല.

ചില സാധാരണ അല്ലാത്ത കാര്യങ്ങൾ അല്പം പറയാം. നമ്മളുടെ ശിരസ്സ് സ്വലോകമെന്നോ സ്വർഗ്ഗലോകമെന്നോ പറയുന്നുണ്ട്. അതുപോലെ ദേഹത്തിൻെറ ഓരോ ഭാഗവും ഓരോലോകമായി ബന്ധപ്പെട്ടതാണ്.

ഓരോ ദേഹഭാഗത്തും ധ്യാനമുറച്ച് നിർവ്വികല്പനായാൽ ആസ്ഥാനാധിപതിയായ ദേവത അനുഗ്രഹപൂർണ്ണനായി നമുക്കെത്തുപെടും. അതിനും പുറമേ നാമേതെങ്കിലും ദേവനെ എവിടെയെങ്കിലുമുറപ്പിച്ച് ധ്യാനപൂർണ്ണിമ വരുത്തിയാൽ അവർ അവിടെ കാണപ്പെടും. പക്ഷേ അവരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗമല്ലാ അത്. പിന്നയോ ഉത്തമ ജിജ്ഞാസു ഗുരു അന്വേഷണകാലേ അവൻ പക്വമെന്നു കണ്ടാൽ ഗുരുദർശനം സാധ്യമാകും. ആ പടിയാണ് ഈ വിധം കണ്ടെത്തൽ. ഇവകളൊന്നും സാമാന്യം വിട്ടതോ അതിശയകാരിയോ അല്ലാ, എങ്കിലും ജിജ്ഞാസുവിനു അതിശയത്തെ ചെയ്യും. ഇങ്ങനെ ഉത്തമ ഗുരുക്കന്മാർ പൂർവ്വമഹത്തുക്കൾ മുതലായവർ ഒരുഉത്തമ ജിജ്ഞാസു കടന്നുവരുന്നതു കണ്ടാസ്വദിക്കാൻ കുതുകികളായിരിക്കയാണ്. അതറിയാൻ പ്രയാസമുണ്ടായിരിക്കുകയില്ലാ. അവരുടെ വഴിഞ്ഞൊഴുകുന്ന ആനന്ദപ്രവാഹം ആരും തടഞ്ഞാൽ നില്ക്കുന്നതല്ല. ഇതാരോടെല്ലാം പറയുമെന്നതിന്നും തുമ്പില്ലാ. ഇതുമതി

ആ ശിഷ്യന്ന് അക്കരെ എത്താൻ. ഈ താരകമാണ് ഇന്ന് ഭാരതേ മഹത്തുക്കരം തോണികടത്തുകാരായത്ത്.

അച്ഛന്ന് പുത്രനോടുള്ള വാത്സല്യമോ ഒന്നുമല്ല ഗുരുവിന്ന് ശിഷ്യനോടുള്ളത്. മായാപ്രഭാവമൊഴിവാക്കി അസ്സൽ ജ്ഞാനജ്യോതിസ്സ് പൂരണമാക്കി ജ്ഞാനവും ത്യാഗവും ഏകോപിപ്പിച്ച് തന്നുള്ളിൽ താൻ കണ്ടെത്തിയ ബോധജ്യോതിസ്പൂരണം ഗുരുത്വഭാവേന കടത്തിക്കൊടുക്കും. അനുഭവജ്ഞാനം അനുഭവിച്ചറികയല്ലാതെ മററു മാൎഗ്ഗമൊന്നുമില്ലതന്നെ. എത്രമേൽ പണ്ഡിതനായാലും എത്രമേൽ ത്യാഗിയായാലും ഈശ്വരവിളയാട്ടത്തിനു കിട നില്ക്കുന്ന ഒന്ന് ഗുരുത്വം മാത്രമാണ്, അപ്രകാരമുള്ള ഗുരുത്വത്തെ തുച്ഛമായെണ്ണി വിലയിരുത്തരുത്. അഭ്രുതപൂൎവ്വമായോ അത്ഭുതകരമായോ ഒരു നേട്ടം ഒരുത്തിനിൽ കണ്ടെത്തുക ഗുരുത്വാഭാവേവിരളമാണ്. ഈശ്വരാനുഗ്രഹാലുണ്ടാകാവുന്ന ഗുരുത്വമോ ഗുരുനിൎദ്ദേശതൽപ്പരതയോ ഇല്ലെങ്കിൽ ആ ജീവിതം ആ ജീവന്ന് നഷ്ടം തന്നെയാണ്. സാധുക്കളിൽ സാധുവായി നിരാധാരനായി സ്വമാതാവും പിതാവും ഉപേക്ഷിച്ചവനായി നമ്മുടെ പുരാണത്തിൽ ഒരു കഥാപുരുഷനുണ്ട് അദ്ദേഹത്തിന്റെ പേരു് കണ്ണനെന്നാണ്.

"ഈശാവാസ്യമിദം സൎവ്വം
യത് കിഞ്ചി ജഗത്യാംജഗത്
തേന ത്യക്തേന ഭുഞ്ജീഥാ
മാഗൃധഃ കസ്യ സ്വിദ്ധനം"

എന്ന മഹാ സിദ്ധാന്തത്തെ എള്ളോളം വിടാതെ പാലിച്ച് വേദാന്തത്തിലെ ഏററവും പ്രധാന മഹത് സിദ്ധാന്തത്തെ അതിമഹനീയമായി വിജയപുരസ്സരം കൈകാര്യം ചെയ്ത മഹാ പുരുഷനാണ് കണ്ണൻ. ഈ

വിധേനയുള്ള കർണ്ണൻ എന്തുകൊണ്ടു് വിജയശ്രീലാളിത നായില്ലാ എന്നതു് നമ്മുടെ പുരാണേതിഹാസങ്ങളിലെ ഒരു ഗഹനമായ ചിന്താവിഷയമാണു്. ഞാനും യഥാ വിധി എന്റെ കഴിവിനുപരി ചിന്തിച്ചിട്ടുണ്ടു്. ഞാൻ കണ്ടെത്തിയതിനെ ഞാനിവിടെ വെളിപ്പെടുത്താം.

> "ഈശാവാസ്യമിദം സർവ്വം
> യത് കിഞ്ച ജഗത്യാംജ്ജഗത്
> തേന ത്യക്തേന ഭുഞ്ജീഥാ
> മാഗൃധഃ കസ്യ സ്വിദ്ധനം."

ഇങ്ങനെ വേദാന്തത്തിലെ ആദ്യവും ഉത്കൃഷ്ടാത്കൃഷ്ടവുമായ മഹനീയ സിദ്ധാന്തത്തെ തൃണം പോലെ തെറിപ്പിച്ചു കളഞ്ഞ എതിർ ശക്തി എന്തെന്നു് ഞാനന്വേഷിച്ചു ചിന്തിച്ചുപോയി. അതിന്റെ അന്വേഷണം ഏവനും ചെയ്യേണ്ടിരിക്കേണ്ടതാണു്. നമുക്കതിലേയ്ക്കല്പം കടക്കാം.

ശ്രീ കർണ്ണൻ ത്യാഗത്തിൽ സമ്പൂർണ്ണനാണു്. ഭയാവായ്പും വേണ്ടുവോളം കാണാൻ കഴിയും എന്നു മാത്രമല്ലാ ദാന തല്പരത്വം ലോക പ്രസിദ്ധവും ഈശ്വർ സമ്മതം ആർജ്ജിച്ചിട്ടുള്ളതാണു്. ഇപ്രകാരമുള്ള ഈ മഹാപുരുഷൻ കേവല മനുഷ്യ സഹജമായ ശ്രേഷ്ഠതകളടങ്ങിയ സ്വസഹോദരന്മാരുടെ മുമ്പിൽ പ്രാണൻ ബലി കഴിക്കേണ്ടിവന്ന കഥ ഏവർക്കും സുപരിചിതമാണല്ലോ. അപ്പോൾ ലോകസമ്മതവും ദേവസമ്മതവുമുണ്ടായാലും അതിനേയും കടന്നു നില്ക്കും ശ്രേഷ്ഠമാർഗ്ഗമുണ്ടെന്നു് നമുക്കു വ്യക്തമാക്കിതന്നിരിക്കയാണു് ഭാരതമെന്ന ഇതിഹാസം. ഇതിഹാസപുരാണങ്ങൾ സത്യവിരുദ്ധവും അവിശ്വസനീയവുമായ കഥകൾ പറയും

ഗ്രന്ഥപരമ്പരയിൽ പെട്ടതാണെന്നു നവീന മഹത്തു ക്കളും മററു പലരും ചൂണ്ടിക്കാണിക്കുന്നുമുണ്ട്.

അപ്പോൾ നാമിതിനെ കൈകാര്യം ചെയ്യുന്നതു ശ്രദ്ധയോടും ബുദ്ധിപൂർവ്വകവുമായിരിക്കണം.

ഇവിടെ കഥയും തത്ത്വവിജ്ഞാനീയവും ആയി എത്രമാത്രം പൊരുത്തമുണ്ടെന്നു നമുക്കു തിരക്കിയേ പററൂ.

അതിസമർത്ഥനും ദാന ധർമ്മാദികളിൽ മററെല്ലാവ രേയും മികച്ചവനും ദാനശീലനെന്നു പറഞ്ഞാൽ പോരാ ഇല്ലെന്നു പറയുകയില്ലെന്നു പോലും ഉള്ള നില എടുത്തു നിലകൊള്ളും തേജോപുഞ്ജം പ്രഭാപരിപൂർണ്ണനായ സൂര്യ പുത്രൻ പാണ്ഡവൻമാരിൽ ജ്യേഷ്ഠൻ ശ്രേഷ്ഠൻ ഇതെല്ലാ മായിട്ടെന്തേ തേരു് ഭൂമിയിൽ താണതു്. അതുചിന്ത നീയം തന്നെ ആണു്. അതെന്തുകൊണ്ടെന്നറിയാൻ ശ്രമിക്കാം

ഇതിനെ അല്പവാക്കാൽ വെളിപ്പെടുത്തിയാൽ അതു് ഗുരുത്വദോഷം എന്നു വ്യക്തം. കർണ്ണന്റെ തെററി നാലായാലും കുററമററതായാലും ആരംഭത്തിലേ കുററം കർണ്ണനെ പിൻതുടൎന്നുകൊണ്ടേയിരുന്നു. ഇതു് കർണ്ണനും ഒട്ടൊട്ടറിയുന്നുണ്ടു്. സ്വപുത്രനെ ഒററു കൊടുക്കുകയും ബലിയാടാക്കുകയും ചെയ്യും കുന്തിയുടെ പ്രവൃത്തിയേ ക്കാൾ വളരെ മോശമായാണു് ഗുരുത്വദോഷം സംഭവിച്ചു പോയ കർണ്ണ ഗതി. ഇനിയും നമുക്കിവയുടെ ഈശ്വര നിർണ്ണയ ഗതി കണക്കിലെടുക്കാം,

ആർക്കോ ജനിച്ച കർണ്ണനെ ആററിൽ മാതാ കളഞ്ഞു. നിരാധാരനായി ഈശ്വര നിരീക്ഷണ മാത്രനായി ആരു മില്ലാത്തവനായ കർണ്ണൻ, പിതാവോ മാതാവോ ഇല്ലാത്ത നിലയിലായിപ്പോയ കർണ്ണൻ ഈശ്വരസഹാ യാൽ കുതിരക്കാരപുത്രനായി വളൎന്നു് അറിയപ്പെടും

കർണ്ണനായി. ആചാര്യന്മാർ ഭ്രഷ്ടപുത്രനെന്നു കണ്ട് ശിക്ഷണം കൊടുക്കാതെ വിട്ടു. കള്ളം പോലും പറഞ്ഞു് ആചാര്യ സമ്പാദ്യം നടത്തിയ കർണ്ണൻ ഗുരു ശാപാൽ ഭ്രഷ്ടനായി അനാഥനായി ഭവിച്ചു. സാമർത്ഥ്യത്തിലഗ്ര ഗണ്യനായ കർണ്ണൻ സർവ്വവിപരീത നിലയങ്ങളേയും ധീരനായി കടന്നു തൻെറ, ഉത്തമന്മാരെന്നു വെളുക്കെ അറിയും പഞ്ചപാണ്ഡവരെ ലാളിച്ച ഒരു ലാളനയും കിട്ടാതെ മാതാവുപേക്ഷിച്ച കർണ്ണൻ കന്നാലിക്കാരനെ പോലെ വളൎന്നു വന്നു. ഒരുതരത്തിലും രണ്ടാമനാവാത്ത കർണ്ണൻ ഈശ്വരൻ തന്നെആയ കൃഷ്ണനാൽ വെറുക്കപ്പെട്ട കർണ്ണൻ എല്ലായിടത്തും പരാജിതനായനുഭവപ്പെട്ടു. മാതാവോ പിതൃസ്ഥാനീയരോ അതിനു് നിറുത്തുണ്ടാ ക്കാൻ ശ്രമിച്ച കഥയും ഇതിഹാസഭാഗത്തെങ്ങും കാണ്മാ നില്ലാ, നിരാധാരനെന്നു ബോധ്യപ്പെട്ടു ജീവിക്കുന്ന ആ യുവാവിനെ ഉത്സാഹപ്പെടുത്താനെങ്കിലും അവനു് തന്തയും തള്ളയുമുണ്ടെന്നു പറയാൻ ആരെയും ആ കൊച്ചനു് കണ്ടെത്താൻ കഴിഞ്ഞില്ല. പുത്രവാത്സല്യം മാതാപിതാക്കന്മാൎക്കു് ഏവൎക്കും ഒരുപോലെ കാണേണ്ട തിനു പകരം ആ കൊച്ചൻെറ മരണകാരകരായിട്ടാണു് അവർ നിലകൊണ്ടതു്. തന്തയെന്നു കാണിക്കപ്പെടും സൂര്യനും തള്ളയ്ക്കുമറിയാം അതു തൻെറ മകനാണെന്നു്. നവീനകാലത്തു മാത്രമല്ലാ പഴയ കാലത്തും ഉന്നത കുല ങ്ങളിൽ ഇത്തരം പലതും ഉണ്ടായിട്ടുണ്ടു്. ആ വിധേന പല കുലങ്ങളും നശിച്ചിട്ടുമുണ്ടു്. കംസൻെറ ജനനവും തുടൎന്നുണ്ടായ യുദ്ധങ്ങളുമൊക്കെ ഭാരതത്തേപ്പോലും അധോഗതിയിലാഴ്ത്തിയിട്ടുണ്ടു്. ആരംഭത്തിൽ നിസ്സാരമായി തോന്നാവുന്ന ഇത്തരം കാര്യങ്ങൾ രാജ്യ ഗതിയെത്തന്നെ തകിടം മറിച്ച ചരിത്രങ്ങൾ ഒട്ടനേക മാണു്. എല്ലാത്തരത്തിലും യോഗ്യത ഏറിയ ഗാന്ധാരി

അവരുടെ മക്കറം ദുഷ്ടരെന്നുകാട്ടി ഭർത്സിച്ച് നിന്ദിച്ച കുലവധം ചെയ്ത കഥയാണ് ഭാരതം. ശ്രീകൃഷ്ണ ഓമന കളായ കുന്തീപുത്രന്മാർക്ക് സർവ്വദേശവും നല്കി വിജയശ്രീ ലാളിതനാക്കി രക്ഷിച്ച അദ്ദേഹത്തിന്റെ ഓമന കിടാങ്ങളെ മുഴക്കുടിയന്മാരാക്കി സർവ്വനാശം വരുത്തി കാട്ടിയ മാതൃകയോ മാതൃക? ആ ഭൂമി വെള്ളത്തിലാക്കി കര കാണാതാക്കിയതോ ഈശ്വരവിലാസം. എല്ലാം നമുക്ക് സഹിക്കാം, സഹിച്ച വിജയവമ്പുകാട്ടാൻ ജനിച്ചവരല്ലേ നാമേവരും.

വിശ്വവിശാലതയേയും കടന്ന് വിസ്തൃതിവിശാലത എന്നൊന്നുണ്ട്. വിശ്വാതീതമായി വിശാലത നിലകൊള്ളുന്നുണ്ട്. വിശ്വം വിശാലതയ്ക്കുള്ളിൽ ആണ നിലകൊള്ളുന്നത്. ഒരു പക്ഷേ വിശാലത നിറവുററു നില്ക്കുന്ന നിലവിശ്വം, ഭാവോന്മുഖമാകുന്നതുകൊണ്ടായിരിക്കാം വിശ്വം എന്ന പേരുതന്നെ ഉല്പന്നമായത്. എങ്കിലും എങ്ങനെയായാലും വിശാലതയാണമൂത്തത്.

ഒരു ദിവസം ഞാനെന്റെ വിയോഗത്തെ കണക്കിലെടുത്ത് അതിന്റെ നില എങ്ങനിരിക്കുമെന്നു കരുതി അതിൽ ചിന്ത ഉറപ്പിച്ചിരുന്നു. അന്ന് സൂര്യലോകഗമനം ഗാഢവിഷയമായിരുന്നു. എന്നു വരികിലും മററൊരു സാക്ഷാത്ക്കാരചിന്താഗതി എന്നെ അലട്ടി കൊണ്ടിരുന്നു. അത് എനിക്കെന്നല്ല എല്ലാവർക്കും തന്നെ ഒരു നൂതനാശയമായിനിൽക്കുക കൊണ്ട് അതിനെ ഞാൻ നിഷേധിച്ചില്ല. സൂര്യാന്തർഗത പ്രാപ്തി സർവ്വാതീതമെന്ന തീരുമാനം എന്നിൽ ഉറച്ചില്ല, കാരണമററൊരു വിശേഷവിധി എന്നെ അലട്ടുന്നുണ്ടായിരുന്നു. അതിനെ ഞാൻ വിശദീകരിക്കാൻ ശ്രമിക്കാം. അനന്തവിസ്തൃതിയിലെ ആരുമല്ലാ ഒരു സൂര്യൻ. കോടാനുകോടി

സൂര്യവാഹികളായ സ്വർഗ്ഗംഗ മുതലായ വിസ്തൃയിലെ ജ്യോതിർക്കൂട്ടത്തിനു് ഒരു സൂര്യനോ ഒരു കുല സൂര്യനോ ഒരു പ്രശ്നമാകുകയില്ല തന്നെ. ഈ വിധേനയുള്ള അനന്ത വിസ്തൃതികളെ വഹിക്കുന്ന കോടാനുകോടി സമൂഹങ്ങളുടെ കെട്ടുരിവിട്ടിരിക്കും വിസ്തൃതിമഹാകാശേ കടപ്പുറത്തേമണലെണ്ണലാരംഭിച്ച കുഞ്ഞുങ്ങളുടെ വിഡ്ഢി വൈഭവം കണ്ടു രസിക്കാമെന്നല്ലാതെ മറ്റൊന്നു പറയാനാ. ഈ ചിന്താഗതി സൂര്യാന്തർഗതിനേടി തൃപ്തി അടയാൻ തീരുമാനിച്ച പുണ്യാത്മാവിനെ വിവരിക്കും വരികളും നാം പഠിക്കണം. നാമൊന്നു തീരുമാനിക്കും മുമ്പു് അതിനേയും അതിൻെറ ഘടകാംശങ്ങളേയും കൂലംകഷമായി കണക്കിലെടുത്തു ശരിതെററുകളെ വിചിന്തനം ചെയ്തു സിദ്ധാന്തപക്ഷമുറപ്പിക്കണം. അല്ലാതെ തേങ്ങാപ്പൂളുകിട്ടിയ പട്ടിയെപ്പോലെ അല്പമെന്തെങ്കിലും എറിഞ്ഞാൽ വാലാട്ടും നന്ദിപ്രകടനസ്വഭാവം പട്ടിയുടേതാണു്, സംസ്കാരസമ്പന്നതയുടേയോ വിശേഷബുദ്ധിയുടേയോ തനിമയല്ല. ഇതേവനും നല്ലതിൻ വണ്ണം ചിന്ത ചെയ്തുവേണം സിദ്ധാന്തം കണ്ടെത്തേണ്ടതു്.

നമ്മളുടെ ചിന്താവിഷയം സ്വർഗ്ഗാരോഹണമോ, സൂര്യന്തർഗതമോ മാത്രമായാൽപോരാ, അതിനപ്പുറത്തെന്തെങ്കിലും കണ്ടെത്താൻ കഴിയുമോ എന്നുകൂടി വേണം.

നരകസമാനമായ യാതനകളനുഭവിക്കുമ്പോഴും പ്രാണവിയോഗം പോലും ആഗ്രഹിച്ചു പോകുന്ന എത്ര എത്ര അവസരങ്ങളെയാണു് ഈശ്വരനെ വിളിച്ചായാലും മററു മാർഗ്ഗാലായാലും അവൻ കടന്നുകൂടുന്നതു്.

അനന്തമനന്തങ്ങളായസംഭവവികാസങ്ങളെകടന്നു വിജയിക്കുമ്പോഴും, ശ്വാസംമുട്ടി നിരാശനെപ്പോലെ

അവതാളത്തിലമരുംപോഴും അവന് അവനേയും അവ ൻേറതു തന്നെയായ ഈശ്വരനേയുമല്ലാതെ അവനാരെ യാണ് ശരണം പ്രാപിക്കേണ്ടതു്. ഇപ്രകാരേണ എത്തു പെടാനില പ്രകടീകരിച്ച് ശരണാഗതി നല്കുംവിധം ഒന്നതിശയനീയം തന്നെ ആണ്. ഇതേവനും മനസ്സി ലാക്കിയിരിക്കേണ്ടതാണ്.

ഇതിനെ ഞാനല്പം വിശദീകരിക്കാൻ ശ്രമിച്ചു കൊള്ളട്ടെ. ഈശ്വരനെ അന്യഥാഭാവേന ആരും പ്രതീ കരിക്കരുതു്. എന്തെന്നാൽ അവൻ വ്യക്തമായും ഈശൻ തന്നെ ആണ്. ഒരുവൻെറ സകല ക്ഷീണത്തിനും കാരണം അവൻ ഈശ്വരൻെറ പിടിവിട്ടു നില്ക്കുന്നു എന്ന തോന്നലാണ്. ശ്രീരാമകൃഷ്ണൻ മുതലായ മഹത്തുക്കൾ നല്കുന്ന നിർദ്ദേശങ്ങളും ഈ ചുവടുപിടിച്ചാണ്. ശ്രീരാമ കൃഷ്ണദേവൻ കാട്ടും മാതൃക നാം ഈശ്വരനെ പിടിച്ചു നില കൊള്ളുന്നു എന്നല്ല പിന്നയോ നാം ഈശ്വരൻെറ കയ്യിൽ സുരക്ഷിതമായി നിലകൊള്ളുന്നു എന്നാണ്. നാം പിടിച്ച പിടി പലപ്പോഴും വിട്ടുപോകാം എന്നാൽ ഈശ്വരൻ പിടിച്ച പിടി അങ്ങനങ്ങു പറിഞ്ഞുപോക യില്ല. ആകയാൽ നാം നമ്മേ ഈശ്വരഹസ്തങ്ങളിൽ സുരക്ഷിതമെന്നു കണ്ടർപ്പിക്കുക മാത്രമാണു കരണീയം. ഈശ്വരഹസ്തം സുലഭമല്ലല്ലോ എന്ന വാദം തെററാണ്. എങ്ങുമേ കണ്ണുള്ളവൻ, എങ്ങുമേ കാതുള്ളവൻ, എങ്ങുമേ ത്വക്കുള്ളവൻ, എങ്ങുമേ നാക്കുള്ളവൻ, എങ്ങുമേ മൂക്കു ള്ളവൻ ഇപ്രകാരേണയുള്ള ഈശ്വര ഹസ്തത്തിൽ സ്വയം അർപ്പിക്കപോലെ എളുപ്പവും സൗകര്യവും മററു മാർഗ്ഗങ്ങൾ ക്കില്ലാ, മററർപ്പണങ്ങളാൽ സാദ്ധ്യമല്ലതന്നെ, ഈ നില യിൽ പുരോഗമിക്കുക.

മാത്രമല്ലാ നാം ജീവനേയും ഈശ്വരനേയും

അതിൻെറ ശരി നിലയും ശാസ്ത്രവും കണക്കിലെടുത്തേ ഏതു തീരുമാനവും ചെയ്യാവൂ. ഞാൻ ചിലതു കാട്ടി പറയാം ജീവൻ, കുണ്ഡലിനി, ആത്മാ മുതലായതിനെ വ്യക്തം തിരിച്ചറിഞ്ഞു വേണം വകയിരുത്തുവാൻ. ഇനിയും സൂക്ഷ്മഭാവത്തേയും വസ്തുതത്ത്വത്തേയും പരിഗണിച്ച് അതിൻെറ പ്രത്യേകതയേ വേണ്ടവിധം മനസ്സിലാക്കി യോഗാനുസാരണം വേണം കൈകാര്യം ചെയ്യാൻ. കുണ്ഡലിനിയും ജീവനും ചില അവസ്ഥാവ്യത്യാസങ്ങൾ അടുത്തു കൂടുമ്പോൾ അനുഭവപ്പെടും അതിനെ നാമല്പം മനസിലാക്കി മുന്നേറണം. ഞാനതിനെ അല്പം വ്യക്തമാക്കാം. കുണ്ഡിലിനിയെ സഹസ്രദളം വരെ ഉയർത്തേണ്ടതാവശ്യമാണ്. അതേസമയം ജീവനെ ഉയർത്തുകയല്ലാ അതിനാൽ നാം ചെയ്യുന്നതു് പിന്നെയോ കുണ്ഡലിനിയിൽ കൂടെ ജീവോദ്ധാരണ നിർവ്വഹണം ചെയ്യുകയാണ്. ഇതു് വ്യക്തം മനസിലിരിക്കണം. അല്ലാതെ ജീവനെന്നതിനെ പിടിവലയത്തിലാക്കാൻ പ്രയാസമാണ്. ആയപോലെ കുണ്ഡലിനിയുടെ ഉദ്ധാരണത്തിലൂടെ ജീവോദ്ധാരണവും നടപ്പിലാകും. ജീവോദ്ധാരണത്തിനു് നമുക്കു തന്നിരിക്കുന്ന ഒരു ഉപായം അഥവാ ഒരു ഉപാദാന കാരണമാണ് കുണ്ഡലിനീ പ്രവർത്തനവും വളർച്ചയും.

ഇനിയും ബുദ്ധിയുള്ളവൻ കുണ്ഡലിനീ പ്രവർത്തനം വിലയിരുത്തുമ്പോൾ ജീവോദ്ധാരണം അവനു് പിടികിട്ടിയിരിക്കും. ആയപോലെ കുണ്ഡിലിനിയെ വിസ്മരിച്ച് ജീവനെ പിടികൂടാൻ ശ്രമിച്ചാൽ അതസാദ്ധ്യമെന്നറിയും. മനുഷ്യൻെറ ജീവോദ്ധാരണത്തിനും എല്ലാ എല്ലാ വളർച്ചക്കും കാരണക്കാരനായും സഹായിയായി നിന്നും മാനവനെ രക്ഷിക്കുന്ന ഒരു അവസ്ഥ നല്ലും വസ്തുതത്ത്വമാണ് കുണ്ഡിലിനി. ഇതിനെ അറിയാതെ

ജീവോദ്ധാരണം അസാദ്ധ്യമെന്ന മാത്രമല്ലാ കണ്ഡലിനി വ്യക്തം വ്യക്തം ജീവന്ന വരുത്തുന്ന ഓരോ നേട്ടങ്ങളും നമുക്ക സുവ്യക്തം മനസിലാകും. ഇതിൽ ചിലതിനെ ഞാൻ നിങ്ങാംക്ക മനസിലാക്കി തരാൻ ശ്രമിക്കാം.

മൂലാധാരൈകനില ആയി നിലകൊള്ളും കണ്ഡലിനി യഥാർത്ഥത്തിൽ ജീവനും, മാനവനും, താങ്ങായി നിലകൊള്ളും ജീവനും ജീവശക്തിയും, തന്നെയാണ് കുണ്ഡലിനീ ശക്തി, ഇതിന്റെ ചാലനം സംഭവിച്ചാൽ അതു് കണ്ഡലിനീചാലനമാണെന്നതു് വ്യക്തം സ്വയമറിയപ്പെടും. എന്തെന്നാൽ അതു് താൻ തന്നെ എന്നറിവേകി നിലകൊള്ളും ആത്മാ തന്നെ ആണു്. ഇതു് സ്വയംബോധപൂരിതമാണു്. ഇതിന്റെ ചാലനം മൂലാധാരം മുതൽ മുകളിലോട്ടാണു്. സ്വയം നിയന്ത്രണവിധേയനായി അതിനെ വീക്ഷണം ചെയ്താൽ ആത്മവാന്റെ ജീവക്കളി കുറെഏറെ വ്യക്തമാകും. നാമൊന്നും ബദ്ധപ്പെട്ടോ സാഹസപ്പെട്ടോ ചെയ്യേണ്ടതില്ല. മനശ്ശുദ്ധിമഹോദയത്തെ ചെയ്യും അതുതന്നെ ആണു് ഇവിടെയും സംഭാവ്യം. ഇവിടെ ഒരത്ഭുതപ്രതിഭാസം ശ്രദ്ധേയമായി കണ്ടെത്തും. നാം നമ്മേ തന്നെയാണു് കണ്ടെത്തുന്നതു്. ഇതിന്റെ വിചിത്ര സ്വഭാവം വ്യക്തം മനസിലാകും ഇല്ലെങ്കിൽ മനസിലാക്കണം. അതു് സ്വയം ബോധോദിതമാണു്. കുണ്ഡലിനീ ചാലനത്തിനു് അത്യന്താപേക്ഷിതം മനഃശ്ശുദ്ധിയാണു്. 'മനോഹിദ്വിവിധം പ്രോക്തം ശുദ്ധശ്ചാ ശുദ്ധമേവച അശുദ്ധം കാമസങ്കല്പം ശുദ്ധം കാമവിവർജ്ജിതം. മന ഏവ മനുഷ്യാണാം കാരണം ബന്ധമോക്ഷയ ബന്ധായ വിഷയാസക്തം മുക്തം നിർവ്വിഷയം മനഃ'. അതായതു് വിഷയത്തിലാസക്തിയോടുകൂടിയവൻ ബദ്ധനും മനസ്സിൽ വിഷയത്തെ കൊടുക്കാത്തവൻ മുക്തനുമാകുന്നു. ഇതു്

എല്ലാവർക്കും സുപരിചിതമായതാണെങ്കിലും ആരും ഇതിൽ താല്പര്യപ്പെട്ടും സ്വഭാവക്കാരല്ല എന്നാണ് സാധാരണ കണ്ടെത്താറ്. ഇതത്രേ ലോകദുരിത ബാധയ്ക്കു് കാരണത്തെചെയ്യുന്നതു്. ശരീരാന്തർഭാഗത്തു് ഏററവും അടിയിൽ നിലനിന്നു പ്രസരിക്കുന്ന കുണ്ഡലിനി ചലിയ്ക്കാൻ തുടങ്ങിയാൽ സർവ്വചലനവും സുവ്യക്തമറിവേകിയാണു് നീങ്ങുന്നതു്. ഇതു് ശക്തിദായിനിമാത്രമല്ലാ സുവ്യക്തബോധദായിനിയും സ്വയം പ്രഭാപ്രകാശിയുമാണു്. 'താൻ, ഞാൻ' എന്നുള്ള ആത്മവടിവാന്ന ബോധത്തെ വഹിച്ചാണു് ഇതിൻെറ നീക്കങ്ങളെല്ലാം. മനുഷ്യാന്തർഭാഗദേശത്തു് ഇരുളടഞ്ഞ ശരീരമദ്ധ്യത്തിൽ ഓജസ്സും തേജസ്സും അതിശയനീയമായി നിറച്ചുകാട്ടി സ്ഥിരം നിലനിത്തികാട്ടും അവസ്ഥയാണു് നമുക്കുപ്രദാനം ചെയ്യുന്നതു്.

ചിദഗ്നികുണ്ഡസംഭൂത–ചിൽ പ്രകാശപരിപൂരിതമായ അഗ്നികുണ്ഡത്തിൽ ഉല്പന്നമാവുന്ന അതായതു് ബോധപരിപൂരിതമായ പ്രകാശധോരണിയിൽ ഉത്പന്നമായി നിലകൊണ്ടും നിലനിത്തിയും, ശരീരാന്തർഭാഗനിയന്ത്രണാധിപതികളായ പ്രാണേന്ദ്രിയാദി സർവ്വജീവശക്തികളേയും അവകളുടെ പ്രകാശാദിവൈഭവങ്ങളേയും നിലനിത്തി സംരക്ഷിച്ചു് ദേവകാര്യങ്ങളെല്ലാം സാധിച്ചുകൊണ്ടു നിലനില്ക്കുന്നതുമായ ആത്മാവിൻെറ ജീവശക്തിയേയും, പാലനം ചെയ്യുന്നതിൽ തത്പരയായി നിലകൊള്ളും നില അവലംബിച്ചിരിക്കും നിലയുള്ളതുമായ, അനേകായിരം സൂര്യന്മാരുടെ പ്രകാശത്തെ വഹിച്ചു നിലകൊള്ളുന്നതുമായ ദൈവികശക്തിയാണു് നമ്മേ നിയന്ത്രിച്ചു രക്ഷിച്ചു പോരുന്നതു്. ഈ ശക്തിയാകട്ടെ അന്തർമുഖഃ സമാരാധ്യ ബഹിർമുഖ സുദുർലഭയുമാണു്. ഇതും കുണ്ഡിലിനീ ശക്തിയും ഒന്നുതന്നെ

എന്നറിയാൻ സാധിക്കും. ഈ അത്യന്തം പ്രശോഭിതയായ ശക്തി മൂലാധാരൈകനിലയായി നിന്നുകൊണ്ടു് ഊർദ്ധ്വത്തിലേയ്ക്കു പ്രവേശിക്കും കാര്യങ്ങൾ ഹഠയോഗചന്ദ്രിക പോലുള്ള പല യോഗഗ്രന്ഥങ്ങളിലും പ്രതിപാദിക്കുന്നുണ്ടു്. ഇതിൽ മൂന്നു തരം വിവരങ്ങൾ ഗ്രഹണവിഷയമാകും ഒന്നു യോഗചൈതന്യം രണ്ടു് അതിൻെറ പ്രവൃത്തിമാർഗ്ഗങ്ങൾ മൂന്നു് അതിൻെറ ജ്ഞാനപ്രദായകത്വം. ഇവ അനുഭവത്തിൽ വരുക കൊണ്ടു് വചോപ്രതിപാദ്യം ആവശ്യമില്ലതന്നെ, ഇതു് സ്വയം പ്രകാശിത സത്യവസ്തുതന്നെയാണെന്നു് ഏവനും ബോധ്യപ്പെടും സ്വല്പമുദാഹരിച്ചു കാട്ടാം. കുണ്ഡലിനീ ചാലനം സംഭവിക്കുമ്പോൾ അതു് സ്വപ്രകാശിതമായി നിലകൊള്ളുന്നതു് ഏവനും സ്വയം അറിയും. പരസഹായം വേണ്ട. ഈ സ്വയം വിവരണാധിപത്യം കാട്ടി പ്രശോഭിക്കും ഇതു് ജീവൻെറ ബോധഘടകമാണു്. ഇതെല്ലാം മനുഷ്യൻെറ ആത്മ നിലയത്തിൻെറ ജ്ഞാനവും ചൈതന്യ പ്രസരിപ്പുമാണു്. അതു് അന്യൻെറ വകയല്ലാ സ്വപ്രഭയാണു്. ഇങ്ങനെ സ്വപ്രകാശ പരിപൂരിതനാണു് തൻെറ ജീവൻ എന്നു് സുവ്യക്തമറിയണം. അതായതു് താനായി പ്രശോഭിക്കും ജീവൻ പ്രകാശ പരിപൂരിതനാണു്.

കുണ്ഡലിനി നിദ്രവിട്ടു ചലിക്കാൻ തുടങ്ങും മുതൽ അതിൻെറ വൃത്തി നിരന്തരം ജ്ഞാനപ്രദായകത്വവും ഊർദ്ധ്വഗമനപ്രവണതയുമാണു്. ഇവ നാം നമ്മുടെ ബുദ്ധിയേ ആശ്രയിക്കുന്നതിനേക്കാൾ എളുപ്പവും സുസ്പഷ്ടവും ജാഗ്രതാപൂർണ്ണവുമാണു്. കുണ്ഡലിനീചാലനത്തിനുശേഷം നമ്മുടെ സ്വയം നിർണ്ണയശേഷി വളരെ ഊർജ്ജിതമാണെന്നു് നമുക്കു തന്നെ ബോദ്ധ്യം വരും. മൂലാധാരത്തിൽ നിന്നും ഗമനം തുടങ്ങിയാൽ ഓരോ

കേന്ദ്രങ്ങളേയും ഓരോ ആധാരങ്ങളേയും വിളിച്ചറിയിക്കും പോൽ സുവ്യക്തം കാട്ടി വിരാജിക്കുന്നതായറിയും അതിന്റെ വേഗതയും മററും അതിശയനീയമെന്നു തോന്നിപ്പോകും. ഇതിന്റെ ഓരോ ഇടത്തിലുമുള്ള പ്രകാശചൈതന്യാദി പ്രശോഭിത പ്രവർത്തനം ഉത്തേജ ജനകവും ആനന്ദപ്രദവും അതിശയനീയവുമായി സുവ്യക്തം അനുഭവപ്പെടും. കുണ്ഡലിനിയുടെ മൂലാധാരത്തിലെ ചലനവും പ്രവർത്തനവും സ്വയം പ്രകാശിത ചൈതന്യവടിവാന്ന് നമ്മേ അതിശയിപ്പിച്ചു മുന്നേറും അതിനു മുമ്പു അറിഞ്ഞിട്ടില്ലാത്തതും വെളിച്ചം കണ്ടിട്ടില്ലാത്തതുമായ പലവിശേഷതകളും നമുക്കെത്തുംപെടും. സാധാരണ രീതിയിൽ ആറാധാരങ്ങളാണ് യോഗം നമുക്കു സുവ്യക്തം കാട്ടിതന്നിട്ടുള്ളതെങ്കിലും അതിനും പുറമേയും പല നിലയനങ്ങളും നമുക്ക് കണ്ടെത്താൻ കഴിയും ഇവകളും യോഗഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ അതിപ്രധാനി ഊർദ്ധ്വഗാമിയും പരമപ്രകാശരൂപിയുമായ സുഷുമ്നയാണ്, സുഷുമ്ന ആകമാനം പ്രകാശനിലയം തന്നെയാണ്. ഇതു വിശദമായറിയുന്നതു മാനവ ജീവികൾക്കത്യന്താപേക്ഷിതമാണ്.

കുണ്ഡലിനി മൂലാധാരൈക നിലയയായിരിക്കുമ്പോൾ അവ്യക്തയും അറിയാപ്പെടാൻ പ്രയാസമുള്ളതുമാണെങ്കിലും അതു് ചലനാത്മകമാകമ്പോൾ അറിവിനു വിധേയമായി നമുക്കു വെളിപ്പെടും നില എടുക്കും. മാത്രമല്ലാ അതു് പല ഇടങ്ങളിലും സ്വയം പ്രകാശനിലയെടുത്തു തിളങ്ങും. ആധാരങ്ങളിലെ പ്രവേശനം സർവയോഗശാസ്ത്രസമ്മതമാജ്ജിച്ചിട്ടുണ്ട് അതിനു മുകളിലുള്ള വസ്തു് സർവസമ്മതമില്ലെന്നു തോന്നുന്നവരുണ്ട്. പക്ഷേ ശാസ്ത്രസമ്മതത്തെ നാം സുവ്യക്തം സമ്മതിക്കേണ്ടതാണ്. ഭ്രൂമദ്ധ്യത്തിലുള്ള ആജ്ഞാചക്രോപരിയാണ്

സഹസ്രദളപത്മം നിലകൊള്ളുന്നതു് എന്നാൽ ഇതിനു പരി സൈല്ലകം എന്നു് ഒന്നുണ്ടെന്നു പറയും യോഗ ഗ്രന്ഥങ്ങളുമുണ്ടു്. ഈ എട്ടാധാരങ്ങളും യോഗികൾ വേണ്ടവണ്ണമറിഞ്ഞിരിക്കണമെന്നാണവരുടെനിർദ്ദേശം. ഇതിൽ ചില ഗ്രന്ഥങ്ങളുടെ ഇവകളുടെ വിസ്താരം അതി ശയനീയമാണു്. അതിനെ അതിൽ ചിലതിനെ വിശ കലനം ചെയ്യുമിടത്തിൽ അവരുടെതായ ചില യുക്തി കളും കടത്തിവിടുന്നുണ്ടു് മൂലാധാരം ശരീര സർവ സ്വാധാരമായ അസ്ഥിയിലും. സ്വാധിഷ്ഠാനം ലിംഗ മൂല ത്തിലും, മണിപൂരം നാഭിദേശേ, അനാഹതം ഹൃദയ ത്തിലും വിശുദ്ധികണ്ഠമൂലത്തിലും ആജ്ഞാചക്രം മസ്ത കത്തിലുള്ള ഭ്രൂമധ്യത്തിലുമാകുന്നു. ഇങ്ങനെ ആറാധാര ങ്ങളെ സർവ സമ്മതമാർജ്ജിച്ചതായിട്ടു കാട്ടി നമ്മേ പഠിപ്പിക്കുന്ന കണ്ടല്ലോ. എന്നാൽ ഇതിനെയും മറി കടന്നു് ചില യോഗഗ്രന്ഥങ്ങൾ വേറെ ചില ആധാര ങ്ങളേയും കണക്കിലെടുത്തിട്ടുണ്ടു്. ആജ്ഞാചക്രം ഭ്രൂമദ്ധ്യ ത്തിലാണു്. സഹസ്രദളപത്മത്തേ തന്നെയാണു് ഏഴാ മാധാരമായി പറയുന്നതു് അതിനും പുറമേ സഹസ്ര ദളോപരി സൈല്ലകം എന്നൊരാധാരം കൂടി പറയുക മാത്രമല്ലാ ഈ എട്ടും യോഗികൾ വേണ്ടും വിധമറിഞ്ഞി രിക്കണമെന്നും പറഞ്ഞു കാണുന്നു. ഇവയെ വിശദീക രിച്ചു വ്യാഖ്യാനിക്കും വേളയിൽ ഇവകളുടെ ചില പ്രത്യേകയൾ വിവരിക്കപ്പെട്ടിട്ടുണ്ടു്. ഓർക്കും പോലെ വിവരിച്ചു പോകാം.

മൂലാധാരം, സ്വാധിഷ്ഠാനം. മണിപൂരം, അനാഹതം, വിശുദ്ധി, ആജ്ഞാസഹസ്രാരം, ഇങ്ങനെ ഏഴാധാര ങ്ങളും ഏഴാമത്തെ ആധാരമായ സഹസ്രദളത്തിനു മുക മുകളിൽ സൈല്ലകം എന്നൊരാധാരവുമുണ്ടു്. ഇങ്ങനെ

എട്ടാധാരങ്ങളെ ചില യോഗഗ്രന്ഥങ്ങൾ വിവരിക്കു ന്നുണ്ട്. ഇതിൻെറ യുക്തിനിലയനവും നാം നന്നായറി യണം.

മൂലാധാരം, സർവ്വാധാരങ്ങൾക്കും കാരണനായി ഭവിച്ചിരിക്കുന്ന അസ്ഥിയിലും, സ്വാധിഷ്ഠാനം മേദ സ്സിലും, മണിപൂരം മാംസത്തിലും, അനാഹതം രക്ത ത്തിലും വിശുദ്ധി ത്വക്കിലും ആജ്ഞാ മജ്ജയിലും സഹസ്രാരം ശുക്ലത്തിലും നില ഉറപ്പിച്ചിരിക്കുന്നു.

ഇതുപോലെ മററൊരു ചിട്ടയും ദേഹേ കണക്കി ലെടുക്കേണ്ടതുണ്ട്. കാൽ തള്ളവിരലുമുതൽ മേളോട്ട് സഹസ്രദളം വരെയും മററൊരു ചിട്ടയും അറിയപ്പെട്ടു ന്നുണ്ട് അവകളും തള്ളിപറയാൻ പററുമെന്നു തോന്നു ന്നില്ല. ഇതിൽ അനുഭവവും ശാസ്ത്രസമ്മതവും കിട്ടിയി ട്ടുള്ളതിനെ ഇവിടെ പറയാം. ഇതിൻെറ ശാസ്ത്രസമ്മത ത്തിനു് ദേവതാനിവസവും അവ കണ്ടെത്തും ശരീര ഭാഗങ്ങളും കൂടി കണക്കിലെടുക്കേണ്ടി വരും എടുത്തു പോകും.

ഭ്രൂമധ്യം രുദ്രസ്ഥാനമായും, ലലാടം കൈലാസമാ യറിഞ്ഞു് മഹേശ്വരസ്ഥാനമായും വന്നെത്തുപെടു ന്നുണ്ടു.് നാസികാഗ്രം ഭ്രൂമധ്യത്തുമ്പല്ല നാസികയുടെതള്ളി നില്ക്കും അഗ്രം തന്നെ ഇന്ദ്രപട്ടണമെന്ന് വ്യക്തം കാട്ടി ഇന്ദ്രാധിപത്യം പുലരുംവിധവും തെളിവിൽ കാണാൻ കഴിയും. എന്നേ സംബന്ധിച്ചിടത്തോളം ഇവകൾ സ്വയം വ്യക്തം കാട്ടി വിരാജിച്ച അനുഭവമാണെനക്കു ള്ളതു്. ഇതെങ്ങനെ എന്നറിഞ്ഞേ തീരുവെന്നുണ്ടെങ്കിൽ ആ അനുഭവം കൂടി പറഞ്ഞു് കടക്കാം. ഇന്ദ്രനീലമെന്ന പേരുതന്നെ ഇന്ദ്രൻെറ നിറസമാനമായ നീലനിറമെ ന്നാണു്. ഇതെൻെറ അനുഭവത്തിൽ കടുംനീലമല്ല ഇളം

നീലമെന്നുമാത്രമല്ല പ്രകാശ മുഖരിതമായ മനോഹാ രൃതകലന്ന നീലമാണ്. ഈ നീലിമയിൽ കുമാരഭാവം കടക്കാത്ത ചെറു പ്രായത്തിലുള്ള ഒരു സുകുമാരവടിവാ ണെനിക്കനുഭവപ്പെട്ടതു്. ഇങ്ങനെ അഖില ലോകാ ധിപതിയായ മഹേന്ദ്രനെ കണ്ടെത്താവുന്നതുമാണ്. പ്രായം കൊണ്ടു് സുകുമാരനും തേജസ്സുകൊണ്ടു് വിഷ്ണു സദൃശ്യനും ഗാംഭീര്യം കൊണ്ടു് ദേവരാജനുമായി സു വ്യക്തം അറിയപ്പെടാൻ സാധ്യമാണു് ആ ചേതോ ഹരൻ.

എന്നാൽ ഇവരാരും സഹസ്രദള പത്മോപരി സ്ഥാനം പിടിച്ചതായറിയില്ല. അവിടെ മഹേശ്വരനും, ഗരുഡോപരി പരിലസിക്കും മഹാവിഷ്ണുവും മററുമാണു് സ്ഥാനംപിടിച്ചുകാണുന്നതു്. ഇതു് മിക്കവാറുമെല്ലാം തന്നെ സ്വാനുഭവത്തിലും കണ്ടെത്തിയിട്ടുള്ളതാണു്.

ഓം. തത് സത്.